23/12/21
01/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No. 174(6)/2021** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.1900/*എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ഡോ. ജോസഫ് ബാബു ചിറമേൽ,
S.22, ശങ്കർ നഗർ,
ചിന്നക്കട,
കൊല്ലം – 691 001. } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   വില്ലേജ് ഓഫീസ്, ചങ്ങനാശ്ശേരി,
   കോട്ടയം – 686 102.
2. അപ്പീൽ അധികാരി &
   തഹസീൽദാർ (ഭൂരേഖ)
   ചങ്ങനാശ്ശേരി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 19/09/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 01/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 23/12/2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 22/01/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 02/02/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 02/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 31/03/2021 |
| ഹിയറിംഗ് തീയതി & ആസ്ഥാനം | 16/11/2021<br>ഗസ്റ്റ് ഹൗസ് ആശ്രമം<br>കൊല്ലം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ഡോ. ജോസഫ് ബാബു ചിറമേൽ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതുകൊണ്ട് രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ടി അപ്പീലിനും വ്യക്തമായ മറുപടി ലഭ്യമായില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 19.09.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) Sy. No. 233/66 - 4, Sy. No.66 - 2, ന്റെ ഒരു ഭാഗം PWD ഏറ്റെടുത്തിട്ടുണ്ടോ എന്നും

2) Sy. No. 66 - 4 ൽ പെട്ട ഭൂമി ആരുടെ ഉടമസ്ഥതയിലാണെന്നും

3) Sy. Nos. 66 - 2, 66 - 4 ൽ പെട്ട ഭൂമിയുടെ ഭൂനികുതി ഹർജിക്കാരന് അടയ്ക്കാൻ കഴിയുമോ എന്നും

4) ഇല്ലെങ്കിൽ അതിന്റെ കാരണം എന്തെന്നുമാണ്.

3. ഹർജിക്കാരന്റെ 19.09.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 04.11.2020 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതു കൊണ്ട് ടിയാൻ 01.12.2020 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീൽ 23.12.2020 ൽ തീർപ്പാക്കിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 27.03.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ 19.09.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് 04.11.2020 ൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടിയിൽ 2-ാം ചോദ്യമായ റീസർവ്വെ നം.66/4 ൽ പെട്ട വസ്തു ആരുടെ കൈവശമാണെന്നുള്ളതിന് മറുപടി നൽകിയിട്ടില്ല എന്നും ബാക്കി മറുപടികളിൽ തൃപ്തനല്ല എന്നുമാരോപിച്ചാണ് ടിയാൻ ഒന്നാം അപ്പീൽ

സമർപ്പിച്ചതെന്നും ടി അപ്പീലിലെ അപേക്ഷ പരിഗണിച്ച് ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിന്റേയും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്റേയും അടിസ്ഥാനത്തിൽ ചങ്ങനാശ്ശേരി വില്ലേജിൽ ബ്ലോക്ക് നം. 233 ൽ സർവ്വെ നം. 66/2, 66/4 എന്നീ ഓരോ സബ് ഡിവിഷനിലും ലാന്റ് അക്വിസിഷൻ മുഖേന എത്രമാത്രം സ്ഥലം ബന്ധപ്പെട്ടവർക്ക് കൈമാറിയിട്ടുണ്ടെന്ന വ്യക്തമായ മറുപടി ഹർജിക്കാരന് നൽകിയിട്ടില്ലാ എന്ന് ബോധ്യപ്പെട്ടുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വ്യക്തമായ മറുപടി നൽകുവാൻ ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകികൊണ്ട് ഒന്നാം അപ്പീൽ തീർപ്പാക്കിയെന്നും ടി അപ്പീലിലെ നിർദ്ദേശാനുസരണം ഒന്നാം എതിർകക്ഷി 06.01.2021 ൽ മറുപടി നൽകിയിട്ടുള്ളതുമാണെന്നാണ്. ചങ്ങനാശ്ശേരി താലൂക്കിൽ ചങ്ങനാശ്ശേരി വില്ലേജിൽ ബ്ലോക്ക് നം. 233 ൽ റീസർവ്വേ നം. 66 ൽ 07.50 ആർ വസ്തു BTR പ്രകാരം 5532-ാം നമ്പർ തണ്ടപ്പേരുംപടി പെരുന്ന കിഴക്ക് മുറിയിൽ പെറ്റയ്ക്കാട്ട് വീട്ടിൽ സി.എ. വർഗ്ഗീസ് എന്നയാളുടെ കരംതീരുവയിലും കൈവശത്തിലും ഉള്ളതാണെന്നും ചങ്ങനാശ്ശേരി വില്ലേജിൽ ബ്ലോക്ക് നം. 233 ൽ റീസർവ്വേ നം. 66/1 നമ്പർ ആയി നേരത്തേ ബൈപ്പാസിന് സ്ഥലം ഏറ്റെടുത്തിരുന്നതാണെന്നും (ടി സർവ്വെ നം. 66/1 ൽ നിന്നും 66/3 ആയി KSTP സ്ഥലം ഏറ്റെടുത്തിട്ടുണ്ട്) നീക്കി ബാക്കി സർവ്വെ നം. 66 ൽ നിന്നും സർവ്വെ നം. 66/4 ആയി 0.0025 (H) സ്ഥലം LA(NH) നുവേണ്ടി ഏറ്റെടുത്തിട്ടുള്ളതാണെന്നും ആയത് കഴിച്ച് സർവ്വെ നം. 66 ആയി 0.02.05 (H) ഉം സർവ്വെ നം. 66/2 ആയി 0.00.05 (H) ഉം നിലനില്ക്കുന്നതുമാണെന്നും ബ്ലോക്ക് നം. 233 ൽ റീസർവ്വേ നം. 66 ൽ നിന്ന് 05.15 ആറും 00.25 ചതുരശ്ര മീറ്ററും പുറമ്പോക്കിലേക്ക് പോയിട്ടുള്ളതും നീക്കിബാക്കിയായി 02.10 ആർ സ്ഥലം അപേക്ഷകന്റെ കൈവശത്തിൽ 7224-ാം നമ്പർ തണ്ടപ്പേരുംപടി നിലവിലുള്ളതായും കാണുന്നുവെന്നാണ് റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ആയത് തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. 16.11.2021 ൽ കമ്മീഷൻ കൊല്ലം ഗസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരു കക്ഷി

കളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരന്റെ 19.09.2020 ലെ അപേക്ഷയ്ക്ക് വിവരാവകാശ നിയമപ്രകാരമുള്ള സമയപരിധി കഴിഞ്ഞാണ് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളത്. മാത്രവുമല്ല ടി മറുപടിയിലും അപ്പീൽ മറുപടിയിലും മറുപടി നൽകിയ ഉദ്യോഗസ്ഥന്റെ പേരോ, ആഫീസ് സീലോ, ഫോൺ നമ്പറോ ഒന്നും തന്നെ വച്ചിട്ടുള്ളതായി കാണുന്നില്ല. ആയത് എതിർകക്ഷികളുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി കമ്മീഷൻ കാണുന്നു. ഹർജിക്കാരന്റെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകണം. 0.0025 ഹെക്ടർ ഭൂമി ഇപ്പോൾ ആരുടെ കൈവശമാണ് എന്ന ടിയാന്റെ ചോദ്യ ത്തിന് വ്യക്തമായി മറുപടി നൽകണം. ആയത് KSTP യുടെ കൈവശമാണ് എന്ന് എതിർകക്ഷി വില്ലേജാഫീസർ മൊഴിയിൽ പറയുകയുണ്ടായി. ആയത് രേഖാമൂലം അറ്റസ്റ്റ് ചെയ്തു നൽകണം. വില്ലേജാഫീസർ പ്രസ്തുത സ്ഥലം ഒരി ക്കൽ കൂടി കണ്ട് ബന്ധപ്പെട്ട രേഖകൾ കൂടി പരിശോധിച്ച് വ്യക്തമായ മറുപടി എല്ലാ ചോദ്യങ്ങൾക്കും സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീ ഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 1-ാം തീയതി തീർപ്പാക്കി ഉത്തരവാ കുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm